# ഗവ. യു.പി.എസ്
# പെരിങ്ങിലിപ്പുറം



## തനിമ
## അക്കാദമിക് മാസ്റ്റർ പ്ലാൻ

## ആമുഖം

പൊതുവായ ജീവിതഗുണമേന്മകൊണ്ട് ഇന്ത്യയ്ക്ക് മുഴുവൻ മാതൃകയായ സംസ്ഥാനമാണ് കേരളം. പൊതുവിദ്യാഭ്യാസത്തിന്റെ വ്യാപനം, പൊതുജനാരോഗ്യരംഗത്തെ മികവ് എന്നിവയാണ് പ്രധാനമായും ഈ നേട്ടത്തിനു കാരണം. വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വന്നതോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായിക്കഴിഞ്ഞു. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളേയും വിദ്യാലയങ്ങളിലെത്തിക്കാൻ കഴിഞ്ഞെങ്കിലും എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നത് കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. 1986-ലെ ദേശീയ വിദ്യാഭ്യാസനയത്തെത്തുടർന്ന് ഗുണമേന്മ ലക്ഷ്യം വച്ചുള്ള വ്യാപകമായ അടിസ്ഥാനസൗകര്യ വികസനവും പലവിധ പരിശീലന പരിപാടികളും നടന്നിട്ടുണ്ട്. ഇതിന്റെ ഫലമായി അറിവിനെ നിർമ്മിക്കുന്ന പ്രക്രിയയാണ് ക്ലാസ്മുറികളിൽ നടക്കേണ്ടതെന്നും കുട്ടി വിദ്യാഭ്യാസ പ്രക്രിയയുടെ കേന്ദ്രസ്ഥാനത്തും നിർത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ നിർണ്ണയിക്കുന്നത്.

## പൊതുലക്ഷ്യങ്ങൾ

1. ശാസ്ത്രീയമായി പ്രീ സ്ക്കൂൾ വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കുക.
2. കുട്ടികൾക്ക് മൂന്നുഭാഷ (മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി) അനായാസമായി കൈകാര്യം ചെയ്യാൻ കഴിയുക.
3. മാതൃഭാഷയ്ക്ക് പ്രഥമ പരിഗണന നൽകുക.
4. വായനശാല, ലബോറട്ടറി എന്നിവ ആധുനികവത്ക്കരിക്കുക.
5. ഏറ്റവും മികച്ച വിദ്യാഭ്യാസം പൊതുവിദ്യാലങ്ങളിലൂടെ ലഭ്യമാക്കുക.
6. എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ സാക്ഷരത ഉറപ്പാക്കുക.
7. കാർഷിക സംസ്ക്കാരം വളർത്തിയെടുക്കുക.
8. ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ സ്ക്കൂളിൽ ഒരു ജൈവ വൈവിധ്യ ഉദ്യാനം രൂപപ്പെടുത്തുക.
9. കുട്ടികളുടെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുക.
10. കലാകായിക പ്രവൃത്തിപരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതീക സൗകര്യങ്ങൾ ഏർപ്പെടുത്തുക.
11. വിദ്യാലയത്തിന്റെ ഭൗതീകസാഹചര്യം മെച്ചപ്പെടുത്തി ആകർഷകമാക്കുക.

12. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തി
നായി എല്ലാ ക്ലാസ്സ്മുറികളും ഹൈടെക്ക് ആക്കി മാറ്റുക.

13. കുട്ടികളിൽ ലഹരി വിരുദ്ധമനോഭാവം വളർത്തിയെടുക്കുക.

14. പ്ലാസ്റ്റിക്, മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത വിദ്യാലയം എന്ന സ്വപ്നം
യാഥാർത്ഥ്യമാക്കുക.

15. കുട്ടികളിൽ ശാസ്ത്ര-ഗണിതാഭിരുചി വളർത്തിയെടുക്കുക.

16. പോഷക സമൃദ്ധമായ ഉച്ചഭക്ഷണം എല്ലാ കുട്ടികൾക്കും.

## സ്ക്കൂൾ ചരിത്രം

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ വിദ്യാഭ്യാസ ഉപജില്ലയിൽ ഉൾപ്പെടുന്ന സ്ക്കൂളാണ് പെരിങ്ങിലിപ്പുറം ഗവ. യു. പി. സ്ക്കൂൾ. 1957-ലാണ് ഈ സ്ക്കൂൾ സ്ഥാപിതമായത്. ധാരാളം ആളുകളുടെ വളരെക്കാലത്തെ, ശ്രമഫലമായാണ് ഈ സ്ക്കൂൾ പ്രവർത്തനമാരംഭിച്ചത്. പഞ്ചായത്തിന്റെ അധീനതയിലാണ് സ്ക്കൂൾ കെട്ടിടം പ്രവർത്തിക്കുന്നത്. ആദ്യകാലത്തെ നിയമനങ്ങൾ പഞ്ചായത്തിന്റെ കീഴിലായിരുന്നുവെങ്കിലും കാലക്രമേണ നിയമനങ്ങൾ പി.എസ്.സി മുഖേനയായി.

സ്ക്കൂളിന്റെ പ്രാരംഭകാലം മുതൽ ധാരാളം കുട്ടികൾ ഇവിടെ പഠിച്ചിരുന്നു. യു.പി. വിഭാഗം സ്ക്കൂളായിട്ടാണ് ഈ സ്ക്കൂൾ പ്രവർത്തനം തുടങ്ങിയതെങ്കിലും തുടർന്ന് എൽ.പി വിഭാഗവും കൂടി പ്രവർത്തിച്ചുതുടങ്ങി. ധാരാളം കുട്ടികൾ പഠിത്തിരുന്നുവെങ്കിലും കാലക്രമേണ കുട്ടികളുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടായി. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ വരവ് അതിനൊരു പ്രധാനകാരണമായിട്ടുണ്ട്. കൂടാതെ പ്രാദേശികമായ മറ്റു കാരണങ്ങൾ കൊണ്ടും കുട്ടികളുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടായി. തുടർന്ന് അധ്യാപകരുടേയും; അനധ്യാപകരുടേയും, രക്ഷിതാക്കളുടേയും, നാട്ടുകാരുടേയും പ്രവർത്തനങ്ങൾ കൊണ്ട് സ്ക്കൂളിൽ പ്രീ പ്രൈമറി വിഭാഗം തുടങ്ങി.

ഒന്നുമുതൽ ഏഴുവരെ ഇപ്പോൾ 82 കുട്ടികളാണ് ഈ സ്ക്കൂളിൽ പഠിക്കുന്നത്. പ്രഥാനാധ്യാപിക ഉൾപ്പെടെ 5 സ്ഥിരം അധ്യാപകരും, ഒരു പാർട്ട് ടൈം ലാംഗ്വേജ് ടീച്ചറും ഒരു പി.ടി.സി.എം, ഒരു ഓഫീസ് അറ്റൻഡന്റും സ്ക്കൂളിൽ ജോലിചെയ്യുന്നു. കൂടാതെ ഒരു അധ്യാപകൻ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നു. പ്രീ പ്രൈമറി വിഭാഗത്തിൽ ഒരു അധ്യാപികയും ആയയും ജോലി ചെയ്യുന്നു. പ്രീ പ്രൈമറിയിൽ 10 കുട്ടികൾ പഠിക്കുന്നു. കുട്ടികൾക്ക് ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനായി ഒരു ആയയും ഉണ്ട്.

12. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ്സ്മുറികളും ഹൈടെക്ക് ആക്കി മാറ്റുക.

13. കുട്ടികളിൽ ലഹരി വിരുദ്ധമനോഭാവം വളർത്തിയെടുക്കുക.

14. പ്ലാസ്റ്റിക്, മുക്ത, കീടനാശിനി മുക്ത, ലഹരി മുക്ത വിദ്യാലയം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുക.

15. കുട്ടികളിൽ ശാസ്ത്ര-ഗണിതാഭിരുചി വളർത്തിയെടുക്കുക

16. പോഷക സമൃദ്ധമായ ഉച്ചഭതക്ഷണം എല്ലാ കുട്ടികൾക്കും.

## സ്ക്കൂൾ ചരിത്രം

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ വിദ്യാഭ്യാസ ഉപജില്ലയിൽ ഉൾപ്പെടുന്ന സ്ക്കൂളാണ് പെരിങ്ങിലിപ്പുറം ഗവ. യു. പി. സ്ക്കൂൾ. 1957-ലാണ് ഈ സ്ക്കൂൾ സ്ഥാപിതമായത്. ധാരാളം ആളുകളുടെ വളരെക്കാലത്തെ, ശ്രമഫലമായാണ് ഈ സ്ക്കൂൾ പ്രവർത്തനമാരംഭിച്ചത്. പഞ്ചായത്തിന്റെ അധീനതയിലാണ് സ്ക്കൂൾ കെട്ടിടം പ്രവർത്തിക്കുന്നത്. ആദ്യകാലത്തെ നിയമനങ്ങൾ പഞ്ചായത്തിന്റെ കീഴിലായിരുന്നുവെങ്കിലും കാലക്രമേണ നിയമനങ്ങൾ പി.എസ്.സി മുഖേനയായി.

സ്ക്കൂളിന്റെ പ്രാരംഭകാലം മുതൽ ധാരാളം കുട്ടികൾ ഇവിടെ പഠിച്ചിരുന്നു. യു.പി. വിഭാഗം സ്ക്കൂളായിട്ടാണ് ഈ സ്ക്കൂൾ പ്രവർത്തനം തുടങ്ങിയതെങ്കിലും തുടർന്ന് എൽ.പി വിഭാഗവും കൂടി പ്രവർത്തിച്ചുതുടങ്ങി. ധാരാളം കുട്ടികൾ പഠിത്തിരുന്നുവെങ്കിലും കാലക്രമേണ കുട്ടികളുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടായി. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ വരവ് അതിനൊരു പ്രധാനകാരണമായിട്ടുണ്ട്. കൂടാതെ പ്രാദേശികമായ മറ്റു കാരണങ്ങൾ കൊണ്ടും കുട്ടികളുടെ എണ്ണത്തിൽ കാര്യമായ കുറവുണ്ടായി. തുടർന്ന് അധ്യാപകരുടേയും, അനധ്യാപകരുടേയും, രക്ഷിതാക്കളുടേയും, നാട്ടുകാരുടേയും പ്രവർത്തനങ്ങൾ കൊണ്ട് സ്ക്കൂളിൽ പ്രീ പ്രൈമറി വിഭാഗം തുടങ്ങി.

ഒന്നുമുതൽ ഏഴുവരെ ഇപ്പോൾ 82 കുട്ടികളാണ് ഈ സ്ക്കൂളിൽ പഠിക്കുന്നത്. പ്രഥാനാധ്യാപിക ഉൾപ്പെടെ 5 സ്ഥിരം അധ്യാപകരും, ഒരു പാർട്ട് ടൈം ലാംഗ്വേജ് ടീച്ചറും ഒരു പി.ടി.സി.എം, ഒരു ഓഫീസ് അറ്റൻഡന്റും സ്ക്കൂളിൽ ജോലിചെയ്യുന്നു. കൂടാതെ ഒരു അധ്യാപകൻ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നു. പ്രീ പ്രൈമറി വിഭാഗത്തിൽ ഒരു അധ്യാപികയും ആയയും ജോലി ചെയ്യുന്നു. പ്രീ പ്രൈമറിയിൽ 10 കുട്ടികൾ പഠിക്കുന്നു. കുട്ടികൾക്ക് ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനായി ഒരു ആയയും ഉണ്ട്.

## സ്ക്കൂൾ മികവിന്റെ കാഴ്ചപ്പാട്

1. വിദ്യാഭ്യാസം ജീവിതത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പല്ല. മറിച്ച് അത് ജീവിതം തന്നെയാണ്. (ജോൺ ഡ്യൂയി) എന്ന ആശയത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾ.
2. പാഠ-പാഠാനുബന്ധപ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
4. പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
5. ലോകത്തിലെവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേരിടുന്നുണ്ട് എന്നുറപ്പാക്കൽ.
6. പാരിസ്ഥികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്ക്കാലികവാസികൾ മാത്രമാണ് മനുഷ്യൻ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## നിലവിലെ അവസ്ഥ വിശകലനം

### ഭൗതീകം-നേട്ടങ്ങൾ

നിലവിൽ രണ്ട് കെട്ടിടങ്ങളാണുള്ളത്. നാലു ശുചിമുറിയും ഉണ്ട് വിശാലമായി ഒരു മൈതാനം ഉണ്ട്. ഒരു മഴവെള്ള സംഭരണി ലഭ്യമായിട്ടുണ്ട്. ഒരു ഹൈടെക്റും ഉണ്ട്. നല്ല ക്ലാസ്സ് മുറികൾ ഉണ്ട്

### ഭൗതീകം-പരിമിതികൾ

ഓഡിറ്റോറിയം നിലവിലില്ല.

### പ്രശ്നങ്ങൾ, വെല്ലുവിളികൾ

എല്ലാ കുട്ടികളേയും മാതൃഭാഷയിലും ഹിന്ദിയിലും ഇംഗ്ലീഷിലും ഒരുപോലെ പ്രാഗത്ഭ്യം ഉള്ളവരാക്കുക എന്നതാണ് പ്രധാന വെല്ലുവിളി. ആധുനിക സാങ്കേതിക വിദ്യ അഭ്യസിപ്പിക്കുക എന്നതാണ് അടുത്ത വെല്ലുവിളി. ഇതിനായി കമ്പ്യൂട്ടർ ലാബ് നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. പ്രകൃതിയോടിണങ്ങി ജീവിക്കാൻ

കുഞ്ഞുങ്ങളെ പ്രാപ്തരാക്കുക, കുട്ടികളിൽ ശാസ്ത്രഗണിതാഭിരുചി വളർത്തുക, സാമൂഹ്യ ശാസ്ത്രത്തോട് താൽപ്പര്യം വളർത്തുക. കലാകായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ വിഷയങ്ങളിൽ കുട്ടികളെ പ്രാവീണ്യമുള്ളവരാക്കുക. ഇംഗ്ലീഷ് ആശയവിനിമയത്തിൽ കുട്ടികളെ അന്തർദേശീയ നിലവാരത്തിലെത്തിക്കുക തുടങ്ങിയ പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം നടത്തുക.

## അക്കാദമികം- നേട്ടങ്ങൾ

പഠനത്തിൽ എല്ലാ കുട്ടികളും മികച്ച നിലവാരം പുലർത്തുന്നു. അക്ഷരമുറ്റം ക്വിസ്, വിജ്ഞാനോത്സവം തുടങ്ങിയ മത്സരങ്ങൾക്ക് കുട്ടികൾ സമ്മാനങ്ങൾ കരസ്ഥമാക്കിയത്.

## അക്കാദമികം-പരിമിതികൾ

സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികളാണ് ഈ സ്ക്കൂളിൽ പഠിക്കുന്നത്. കൂലിപ്പണിക്കാരായ മാതാപിതാക്കൾക്ക് തങ്ങളുടെ കുഞ്ഞുങ്ങളുടെ പഠനത്തിൽ മുഴുവൻ ശ്രദ്ധ ചെലുത്താൻ കഴിയുന്നില്ല എന്നതും പ്രധാനപോരായ്മയാണ്. വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്. സ്ക്കൂൾ, ഗ്രന്ഥശാല, ലാബുകൾ എന്നിവ ആധുനികവത്ക്കരണം കലാകായിക മത്സരങ്ങൾക്ക് വിദഗ്ധരുടെ സേവനം ലഭ്യമാകുന്നില്ല.

## പദ്ധതി രൂപീകരണ പ്രക്രിയ

1. എസ്.ആർ.ജി യോഗത്തിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ അവതരിപ്പിക്കലും ചർച്ചയും.
2. വികസനാവശ്യങ്ങൾ ക്ലാസ്സ്/ വിഷയം അടിസ്ഥാനത്തിൽ ഭൗതീകം-അക്കാദമികം-സാമൂഹികം എന്നിങ്ങനെ തരംതിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3. കരട് രൂപരേഖ SRG, SMC, PTA, MPTAതുടങ്ങിയ പ്രതിനിധികൾക്ക് മുമ്പാകെ അവതരിപ്പിക്കൽ, എച്ച്. എം (വാർഡ് മെമ്പർ, SRG കൺവീനർ, SSG ചെയർമാൻ, SMC ചെയർമാൻ) MPTA പ്രതിനിധികൾ
4. ചർച്ചകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
5. എസ്.എം.സി യുടെ നേതൃത്വത്തിൽ പദ്ധതി രേഖ തയ്യാറാക്കൽ

## വിഷയമേഖല-പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതീകം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ചുറ്റുമതിൽ | PTA ശാക്തീകരണം |
| ഗണിതശേഷി വികസനം | മാലിന്യസംസ്ക്കരണം | പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| ഇംഗ്ലീഷ് പഠനപരിപോഷണം | ലബോറട്ടറി | SSG ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ |
| ശാസ്ത്ര ശേഷി വികസനം | ജന്മദിനപുസ്തകം | ക്ലാസ്സ് PTA മാതൃകാപരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ |
| വായനാപരിപോഷണം | ഒരു കൃഷിത്തോട്ടം | കോർണർ PTA സംഘടിപ്പിക്കുക |
| ലൈബ്രറി ശാക്തീകരണം | | ഭവനസന്ദർശനം വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| ലബോറട്ടറി ആധുനികവൽക്കരണം | | |
| ജൈവവൈവിധ്യപാർക്ക് | | |
| കലാകായികമേല ഐടി പരിശീലനം | | |
| പച്ചക്കറിത്തോട്ടം | | |
| പോഷകാഹാര പരിപാടി | | |
| ഒറിഗാമി ശില്പശാല | | |
| പാവനാടക പരിശീലനം | | |
| ടേം മൂല്യനിർണയം, നിരന്തര വിലയിരുത്തൽ | | |
| ദിനാചരണം | | |
| കലാകായിക പഠനം | | |

## ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ

**പ്രവർത്തനം 1**

പേര് : **ഗ്രന്ഥശാലാ ശാക്തീകരണം**

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ<br><br>അവസര മൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവന സന്ദർശനത്തിലൂടെ കണ്ടെത്തൽ<br><br>പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്.എം, പി.ടി.എ, ലൈബ്രേറിയൻ | 2000/- സ്പോൺസർഷിപ്പ് |

**പ്രവർത്തനം 2**

പേര് : **ദിനാചരണങ്ങൾ**

ഉപമേഖല : സമഗ്ര വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വിസസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി | |

## പ്രവർത്തനം 3

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഫലപ്രദമായി വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നു | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുക. ഓരോക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആവശ്യാനുസരണം | എസ്.ആർ.ജി | |

## പ്രവർത്തനം 4

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാത്ത അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | |

## പ്രവർത്തനം 5

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ.<br>ഉദാ: skitconversation, drama etc | മാസത്തിൽ ഒരു ദിവസം | ഇംഗ്ലീഷ് അധ്യാപകർ | |
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മാസത്തിൽ ഒരു ദിവസം ഒരു മാസത്തെ വീട്ടിലും നടക്കുന്ന പഠന പ്രവർത്തനത്തെ ആസ്പദമാക്കി ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളുടെ ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | ജൂൺ-മാർച്ച് | .. | |

**പ്രവർത്തനം 6**

പേര് : **ഇംഗ്ലീഷ് കോർണർ**

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്ത രീക്ഷം സൃഷ്ടി ക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ യുടെ ശേഖരം ഒരുക്കൽ കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതി മാസ പരി പാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം 7**

പേര് : **ഒറിഗാമി ശില്പശാല**

ഉപമേഖല : അക്കാദമികം/ ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകര മായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷി വിക സനവും | ജാപ്പനീസ് കലയായ ഒറി ഗാമിയിലൂടെ ഗണിതശേ ഷികൾ കൈവരിക്കുന്നതി നുള്ള പരിശീലനം നൽകൽ വിവിധ രൂപ ങ്ങൾ നിർമ്മിക്കുന്നു. അവ യുടെ ഗണിത സവിശേഷ തകൾ, പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പി ക്കൽ | വർഷ ത്തിൽ ഒരു പ്രാവശ്യം | എസ്.ആർ. ജി | 1000/- |

papergrid

പ്രവർത്തനം 8

പേര് : അമൃതം മലയാളം

ഭാഷ : വായന ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുന്നു | അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുപയോഗിച്ച് പദങ്ങളുടേയും വാക്യങ്ങളുടേയും നിർമ്മാണം | ആഗസ്റ്റ്-നവംബർ | ക്ലാസ് അധ്യാപിക & മലയാളം അദ്ധ്യാപകർ | SSK |
| | കഥപൂർത്തിയാക്കാൻ അപൂർണ്ണമായ കഥ നൽകുന്നു. കുട്ടികളുടെ ഭാവനയ്ക്ക് അനുസരിച്ച് കഥ പൂർത്തിയാക്കുന്നു. | ജൂൺ-മാർച്ച് | " | |
| | നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾകുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. | ജൂൺ-മാർച്ച് | അദ്ധ്യാപകർ | |
| | സംയുക്ത ഡയറി കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസ്സിൽ പങ്കുവെയ്ക്കുന്നു. മാഗസിൻ ആക്കുന്നു. പ്രകാശനം നടത്തുന്നു | | | |
| താളംമനസ്സിലാക്കി കവിതകൾക്ക് ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുക | പാട്ടരങ്ങ് കുട്ടികൾ പഠിച്ച കവിതാഭാഗങ്ങൾ താളാത്മകമായി അവതരിപ്പിക്കുന്നു.<br><br>കുട്ടികൾ സ്വയം കവിത രചിക്കുക. ഈണം നൽകി അവതരിപ്പിക്കുക | ജൂൺ-മാർച്ച് ആഴ്ചയിലൊരിക്കൽ | | |

**പ്രവർത്തനം 9**

ഭാഷ - റീഡേഴ്സ് തീയേറ്റർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും മികച്ച വായനക്കാരാക്കുക | പാഠപുസ്തകങ്ങളിലേയും കഥാപുസ്തകങ്ങളിലേയും സന്ദർഭങ്ങളെ റീഡേഴ്സ് തീയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുക | ജൂൺ-മാർച്ച് | SRG അധ്യാപകർ CPTA | |

**പ്രവർത്തനം 9**

ഗണിത ക്ലിനിക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികലെ മുൻനിരയിലെത്തിക്കുന്നു | ഗണിതക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | പിടിഎ |

പ്രവർത്തനം 10

പേര് : **പരീക്ഷണകളരി**

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | പരീക്ഷണകളരി<br><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസ്സുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകൻ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ആരോഗ്യക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br><br>എക്സ്പ്ലോ-എക്സിപ്ലോർ<br><br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക് വർഷം | ശാസ്ത്രാധ്യാപകൻ, | സയൻസ് ക്ലബ്ബ് |

**പ്രവർത്തനം 11**

പേര് : **ഗണിത ലാബ് സജ്ജീകരിക്കൽ**

ഉപമേഖല : അക്കാദമികം/ ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി ഗണിത ക്ലബ്ബ് | |

**പ്രവർത്തനം 12**

പേര് : **ശാസ്ത്രപോഷണ പരിപാടി**

ഉപമേഖല : അക്കാദമികം/ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതിമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാ തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |

**പ്രവർത്തനം 13**

പേര് : **ശാസ്ത്രപോഷണ പരിപാടി**

ഉപമേഖല : അക്കാദമികം/ ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി ജനപക്ഷശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ മൂന്നു ദിവസം | പി.ടി.എ | |

**പ്രവർത്തനം 11**

പേര് : **മെഡിക്കൽ ക്യാമ്പ്**

ഉപമേഖല : അക്കാദമികം/ ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരുപ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തൽ | വർഷത്തിൽ ഒന്ന് | എച്ച്.എം, പി.ടി.എ | |

**പ്രവർത്തനം 12**

പേര് :

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | പി.ടി.എ |
| സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ ഈയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യശാസ്ത്ര വായന കോർക്കൽ ഒരുക്കൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | പി.ടി.എ |

| | | | | |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര അറിവു കളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യ പ്രദമായ ഒരിടത്ത് ബുള്ള റ്റിൻ ബോർഡ് സ്ഥാപിക്കു കയും എല്ലാ ദിവസ ത്തെയും പ്രധാനവാർത്ത പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവർത്തി ദിവസങ്ങ ളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | പി.ടി.എ |

മേഖല : ഭാഷാപഠനം
ഉപമേഖല : ഹിന്ദി
ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികൾക്കും ഹിന്ദി രസകരമായും ആസ്വാദകരമായും ഫലപ്രദവുമായും എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
2. ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവുമായി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക
3. ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികളുടെ സംസ്കാരവും ദേശസ്നേഹവും വളർത്തിയെടുക്കുക
4. ഹിന്ദി ഭാഷ ധാരാളം കേൾക്കുവാനും ഹിന്ദി മാതൃഭാഷയായ വ്യക്തികളുമായി സംവദിക്കുവാനുള്ള അവസരം സൃഷ്ടിച്ച് ഹിന്ദി ഭാഷയോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കുക.
5. വിദ്യാലയങ്ങളിൽ ഹിന്ദി അന്തരീക്ഷം ഉണ്ടാക്കുക

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല സാമ്പത്തിക മോണിറ്ററിംഗ് |
|---|---|---|---|
| ഹിന്ദി കോർണർ | ഹിന്ദി കോർണർ എല്ലാ ക്ലാസ്സുകളിലും തയ്യാറാക്കുന്നു. കുട്ടികളുടെ ഉൽപ്പന്നങ്ങൾ, പോർട്ട് ഫോളിയോ തുടങ്ങിയവ അവതരിപ്പിക്കുകയും ചെയ്യുന്നു | 2024 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപക വിദ്യാർത്ഥികൾ |

| | | | |
|---|---|---|---|
| ഹിന്ദി കൈയ്യെഴുത്ത് മാസി ഡി.റ്റി.പി | ജൂൺമാസം മുതൽ തയ്യാറാക്കുന്ന കുട്ടികളുടെ ഉൽപ്പന്നങ്ങൾ ഉൾപ്പെടുത്തി ജനുവരിയിൽ കൈയ്യെഴുത്ത് മാസിക തയ്യാറാക്കുന്നു | 2024 ജൂൺ - ജനുവരി | ഹിന്ദി അദ്ധ്യാപകർ ക്ലാസ്സ്/ പി.റ്റി.എ |
| എല്ലാകുട്ടികൾക്കും ഹിന്ദിയിൽ തിരിച്ചറിയൽ കാർഡ് | 5-7 ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പേര്, ക്ലാസ്സ്, ഡിവിഷൻ, സ്ക്കൂൾ, വിലാസം ഉൾപ്പെടുത്തിയ കാർഡ് | 2024 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകർ സംഭാവന/ പ്രധാന അദ്ധ്യാപകൻ |
| ആഴ്ചയിലെ വാക്ക് | എല്ലാ ആഴ്ചയിലും ഓരോ പുതിയ വാക്ക് പരിചയപ്പെടുത്തുന്നു | 2024 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകൻ ഹിന്ദി ക്ലബ്ബ് |
| ഹിന്ദി ക്ലാസ്സ് ലൈബ്രറി | ഓരോ ക്ലാസ്സിന്റേയും നിലവാരമനുസരിച്ചുള്ള പുസ്തങ്ങൾ ശേഖരിക്കുന്നു. വായന ഉറപ്പാക്കുന്നു. കുറിപ്പുകൾ എഴുതിക്കുന്നു. | 2024 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകർ ഹിന്ദി ക്ലബ്ബ് |
| ഹിന്ദി ഡിജിറ്റൽ ലൈബ്രറി | വായനസാമഗ്രികളുടെ ഡിജിറ്റൽ വിഭവങ്ങൾ പ്രോഗ്രാം ചിത്രകഥകൾ, കാർട്ടൂണുകൾ, അക്ഷരകളികൾ, ഡിക്ഷണറി തുടങ്ങിയവ ശേഖരിച്ച് ഇ-വായന പ്രോത്സാഹിപ്പിക്കുക. (ഉച്ചഭക്ഷണ ഇടവേളകളിലും ഫ്രീ പിരീയഡുകളിലും) | 2024 ജൂൺ മുതൽ<br>2024 ജൂൺ- സെപ്റ്റംബർ | ഹിന്ദി അദ്ധ്യാപക / ഹിന്ദി ക്ലബ്ബ് |

| | | | |
|---|---|---|---|
| ഹിന്ദി അസംബ്ലി | ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി പരമാവധി കുട്ടികളുടെ പങ്കാളിത്തത്തോടെ ഉറപ്പാക്കുന്നു. മികച്ച വായനാക്കുറിപ്പുകളുടെ അവതരണം എന്നിവ ഉൾപ്പെടുത്തി ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുന്നു | 2024 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപക ഹിന്ദി ക്ലബ്ബ് |
| ദിനാചരണങ്ങൾ ഹിന്ദിയിൽ | ദിനാചരണങ്ങൾ ക്ലബ്ബിന്റെ നേതൃത്വത്തിൽ മുന്നൊരുക്കങ്ങൾ നടത്തി ക്ലാസ്സ്റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് നടത്തുന്നു | 2024 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപക ഹിന്ദി ക്ലബ്ബ് |
| എന്റെ ഹിന്ദി ഡയറി | ഓരോ ആഴ്ചയും ഹിന്ദി പീരീയഡുകളിൽ ആദ്യ 5 മിനിട്ട് ഹിന്ദി ഡയറി അവതരണത്തിൽ മാറ്റിവെയ്ക്കുന്നു | സ്റ്റാൻഡേർഡ് 5 നവംബർ 2024 മുതൽ സ്റ്റാൻഡേർഡ് 6,7 ജൂലൈ 2024 മുതൽ | ഹിന്ദി അദ്ധ്യാപകർ |
| ഹിന്ദി ബാലസഭ | മത്സരത്തിൽ ഒരു വെള്ളിയാഴ്ച സർഗ്ഗവേള പിരീയഡിൽ ഹിന്ദി ബാലസഭ | 2024 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകർ |
| ഹിന്ദി നാടകം കൊറിയോഗ്രഫി പാഠഭാഗങ്ങൾ | പാഠഭാഗങ്ങളിലൂടെ നാടകാവിഷ്ക്കാരം, കൊറിയോഗ്രാഫി അവതരണം, എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നു | 2024 ആഗസ്റ്റ് | ഹിന്ദി അദ്ധ്യാപകർ |
| ഹിന്ദി വർക്ക് ബുക്ക് ഉപഭോഗം | വർക്ക്ബുക്കുകൾ ഫലപ്രദമായി ഉപയോഗിക്കുക | 2024 ജൂൺ മുതൽ | ഹിന്ദി അദ്ധ്യാപകർ |
| ഹിന്ദി സാഹിത്യോത്സവം | ഹിന്ദി വാരാഘോഷവുമായി ബന്ധപ്പെട്ട് വിവിധ മാസങ്ങളായി കലോത്സവം നടത്തുന്നു | 2024 ജൂൺ സെപ്റ്റംബർ | ഹിന്ദി അദ്ധ്യാപകർ ഹിന്ദി ക്ലാസ് പി.റ്റി.എ |

## പ്രീ-സ്ക്കൂൾ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയമായ പ്രീ സ്ക്കൂൾ വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കുക | കുട്ടികളുടെ നിലവാരത്തിനുയോജ്യമയ പാഠ്യപദ്ധതി ഉപയോഗിക്കുക. ആകർഷകമായ കളിക്കോപ്പുകളുടെ ഉപയോഗം വിദഗ്ധരായ അദ്ധ്യാപകരുടെ സേവനം | 2 വർഷം | ക്ലാസ്സ് ടീച്ചർ | പഞ്ചായത്ത് |

**പ്രവർത്തനം**

പേര് : ജൈവ വൈവിധ്യ പാർക്ക്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്ര തിരിച്ചറിയൽ | ജൈവവൈവിധ്യപാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ജൈവവൈവിധ്യ ഉദ്യാനം<br>കണ്ടറിയാനൊരു യാത്ര | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകൻ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | പിടിഎ |

**പ്രവർത്തനം**

പേര് : ക്ലാസ്സ് പി.ടി.എ സജീവമാക്കൽ

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം പൊതു ചർച്ച | പ്രതി മാസം | ക്ലാസ്സ് ടീച്ചർ | |

## പ്രീ-സ്കൂൾ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ശാസ്ത്രീയമായ പ്രീസ്കൂൾ വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കുക | കുട്ടികളുടെ നിലവാരത്തിനുയോജ്യമയ പാഠ്യപദ്ധതി ഉപയോഗിക്കുക. ആകർഷകമായ കളിക്കോപ്പുകളുടെ ഉപയോഗം വിദഗ്ധരായ അദ്ധ്യാപകരുടെ സേവനം | 2 വർഷം | ക്ലാസ്സ് ടീച്ചർ | പഞ്ചായത്ത് |

**പ്രവർത്തനം**

പേര് : ജൈവ വൈവിധ്യ പാർക്ക്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്ര തിരിച്ചറിയൽ | ജൈവവൈവിധ്യപാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ജൈവവൈവിധ്യ ഉദ്യാനം<br>കണ്ടറിയാനൊരു യാത്ര | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകൻ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | പിടിഎ |

**പ്രവർത്തനം**

പേര് : ക്ലാസ്സ് പി.ടി.എ സജീവമാക്കൽ

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം പൊതു ചർച്ച | പ്രതി മാസം | ക്ലാസ്സ് ടീച്ചർ | |

### പ്രീ-സ്കൂൾ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയമായ പ്രീസ്കൂൾ വിദ്യാഭ്യാസം യാഥാർത്ഥ്യമാക്കുക | കുട്ടികളുടെ നിലവാരത്തിനുയോജ്യമയ പാഠ്യപദ്ധതി ഉപയോഗിക്കുക. ആകർഷകമായ കളിക്കോപ്പുകളുടെ ഉപയോഗം വിദഗ്ധരായ അദ്ധ്യാപകരുടെ സേവനം | 2 വർഷം | ക്ലാസ്സ് ടീച്ചർ | പഞ്ചായത്ത് |

**പ്രവർത്തനം**

പേര് : ജൈവ വൈവിധ്യ പാർക്ക്

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്ര തിരിച്ചറിയൽ | ജൈവവൈവിധ്യപാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ ഉദ്യാനം<br>കണ്ടറിയാനൊരു യാത്ര | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകൻ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | പിടിഎ |

**പ്രവർത്തനം**

പേര് : ക്ലാസ്സ് പി.ടി.എ സജീവമാക്കൽ

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ്സ് പി.ടി.എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം പൊതു ചർച്ച | പ്രതി മാസം | ക്ലാസ്സ് ടീച്ചർ | |

## ഉപസംഹാരം

കേരളത്തിന്റെ നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്ന പുതുതലമുറയെ വാർത്തെടുക്കുക എന്നതാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം കൊണ്ട് ഉദ്ദേശിക്കുന്നത്. നമ്മുടെ വിദ്യാലയത്തിന്റെ തനതു പൈതൃകവും നന്മയും നിലനിർത്തി അതിനെ മുന്നോട്ട് നയിക്കുവാൻ ഈ പദ്ധതിരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അക്കാദമിക് മാസ്റ്റർ പ്ലാൻ മാറ്റങ്ങൾക്ക് വിധേയമാണ്.

**ഉപസംഹാരം**

കേരളത്തിന്റെ നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്ന് ആഗ്രഹിക്കുന്ന പുതുതലമുറയെ വാർത്തെടുക്കുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കൊണ്ട് ഉദ്ദേശിക്കുന്നത്. നമ്മുടെ വിദ്യാലയത്തിന്റെ തനതു പൈതൃകവും നന്മയും നിലനിർത്തി അതിനെ മുന്നോട്ട് നയിക്കുവാൻ ഈ പദ്ധതിരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അക്കാദമിക് മാസ്റ്റർ പ്ലാൻ മാറ്റങ്ങൾക്ക് വിധേയമാണ്.